**ഓം ശ്രീ സായിറാം**

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom satsang) ഭാഗം 11D

**പ്രഫസർ അനിൽകുമാർ–വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ**

**ജാനുവരി 23, 2003**

## ഹിമാലയത്തിലെ സന്യാസിമാർക്ക് ദർശനം

ഇനി ഞാൻ 2003 ജാനുവരി 23-ലേക്ക് പോവുകയാണ്. പെട്ടെന്ന് സ്വാമി 50 വർഷം മുമ്പുള്ള അവിടുത്തെ പൂർവദിനങ്ങളെപ്പറ്റി വിശദീകരിക്കാൻ തുടങ്ങി.

“നിനക്കറിയാമോ അനിൽകുമാർ, ഞാൻ ഹിമാലയത്തിൽ പോയിട്ടുണ്ട്.”

“അതേയോ, സ്വാമീ?”

“അതെ”



*സ്വാമി യു.പി.ഗവർണർ ബി.രാമകൃഷ്ണറാവുവിനും ഭക്തർക്കുമൊപ്പം(ഋഷികേശ്)*

“തനിച്ചോ?”

“അല്ലല്ല. 200 ആളുകൾ എനിക്കൊപ്പം വന്നു.” (ചിരി)

“അതു ശരി. ആഹാരമൊക്കെ എങ്ങനിരുന്നു, സ്വാമീ?”

“ഒരു മുൻകൂർ പാർട്ടി മുമ്പേ പോയി ഞങ്ങൾക്കുവേണ്ടി പാചകം ചെയ്യും”

“ഓ, വളരെ നല്ലത്, സ്വാമീ. എല്ലാവരും അങ്ങയെ അനുഗമിച്ചിരുന്നുവോ?”

“അതെ”

മാതാവ് ഈശ്വരാമ്മയും വടക്കേ ഇന്ത്യയിലേക്കുള്ള, പ്രയാഗ്, ബദരി, കേദാർനാഥ് തുടങ്ങിയ തീർത്ഥാടനസ്ഥലങ്ങളിലേക്കുള്ള ആ യാത്രയിൽ അവിടുത്തെ അനുഗമിച്ചിരുന്നു. ഇവയെല്ലാംതന്നെ ഹിമാലയ പർവതനിരകളിലുള്ള തീർത്ഥാടനകേന്ദ്രങ്ങളാണ്.

അപ്പോൾ സ്വാമി പറയാൻ തുടങ്ങി, “രാമകൃഷ്ണറാവു എന്ന ഒരു ഗവർണർ ഉണ്ടായിരുന്നു. ഈ ഗവർണർ ഒരു കുറിയ മനുഷ്യനായിരുന്നു, ബാബയേക്കാൾ ഉയരം കുറഞ്ഞയാൾ. അദ്ദേഹം 13 ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന, ഒരു വലിയ പണ്ഡിതനായിരുന്നു. ബാബയുടെ സന്ദർശനത്തിനുവേണ്ട ക്രമീകരണങ്ങളൊക്കെ അദ്ദേഹമാണ് ചെയ്തത്. അദ്ദേഹം ഭഗവാനെ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ, അദ്ദേഹത്തിന്റെ ഗസ്റ്റ് ഹൗസിൽ, താമസിപ്പിച്ചു, ഭഗവാൻ പോയിടത്തൊക്കെ രാജകീയസ്വീകരണം തന്നു.”



*സ്വാമി പുരുഷോത്തമാനന്ദയ്ക്കൊപ്പം(വ്യാസഗുഹ)*

അപ്പോൾ ഞാൻ പറഞ്ഞു, “സ്വാമീ, ഹിമാലയത്തിൽ വളരെ തണുപ്പല്ലേ?”

“അതെ.”

“സ്വാമീ, അവിടുന്ന് കോട്ടോ സ്വെറ്ററോ ധരിച്ചിരുന്നോ?”

“ഇല്ലില്ല, ഇല്ലില്ല. ഒരു പീസ്, അത്രമാത്രം. കോട്ടോ സ്വെറ്ററോ കമ്പിളിയോ ഇല്ലാിരുന്നു.”

“ഓ, അതു ശരി, സ്വാമീ. ചെരിപ്പ് എങ്ങനെയായിരുന്നു?”

“ചെരിപ്പൊന്നും ഉണ്ടായിരുന്നില്ല, ഞാൻ നടക്കുകയായിരുന്നു.”

“മഞ്ഞിലോ?”

“അതെ, മഞ്ഞിൽ മാത്രം.”

ഓ, മഞ്ഞിൽ നടക്കുന്നത് എത്ര സുഖമാണ്!(ചിരി) നമുക്ക് ഊഹിക്കാം, വളരെ പ്രയാസം.

“സ്വാമീ, എത്രനേരം, എത്രനേരം, അവിടുന്ന് നടന്നു?”

“മഞ്ഞിലൂടെ 18 കിലോമീറ്ററുകൾ.”

“സ്വാമീ, എല്ലാവരും? എല്ലാവരെയും അവിടുന്ന് നഗ്നപാദരായി ഐസിലൂടെ നടത്തിച്ചോ?”



*ബദരീനാഥിലേക്ക്*

“ഇല്ലില്ല, അവരെ വഹിച്ചുകൊണ്ടുപോകാൻ ധാരാളം കോവർകഴുതകൾ അവിടെയുണ്ടായിരുന്നു. ഗൈഡുകളും നടക്കാനാവാത്തവരെ അക്ഷരാർത്ഥത്തിൽ ചുമന്നുകൊണ്ടുപോയി. ചിലരെ ആ സേവയ്ക്കായി നിയോഗിക്കപ്പെട്ടവർ എടുത്തുകൊണ്ടുപോയി, എന്നാൽ ഞാൻ മുഴുവൻ വഴിയും നടന്നു.”

“ഓ സ്വാമീ, ആഹാ.”

ഗവർണർ രാമകൃഷ്ണറാവു അവിടുത്തേക്കുവേണ്ടി കുറച്ച് ക്യാൻവാസ് ഷൂകൾ കൊണ്ടുവന്നിരുന്നുവെന്നും അവ ധരിക്കാനായി ഭഗവാനെ നിർബന്ധിച്ചിരുന്നുവെന്നും അപ്പോൾ സ്വാമി പറഞ്ഞു. ഭഗവാൻ ആ ക്യാൻവാസ് ഷൂ ധരിച്ചു. പക്ഷേ, ഷൂ പുതിയതായിരുന്നതിനാൽ, സ്വാമിയുടെ പാദത്തിൽ കുമിളകളുണ്ടായി. കുറച്ചുനേരം കഴിഞ്ഞപ്പോളേക്കും അവിടുന്നിന് ഒരടിപോലും വയ്ക്കാൻ കഴിയാതെയായി. അതുകൊണ്ട് അവിടുന്ന് ഷൂ ഊരി മാറ്റി. കുമിളകൾ കണ്ടിട്ട് ഗവർണർ രാമകൃഷ്ണറാവു കരയാൻ തുടങ്ങി.



ഇതിനും പുറമെ, ഗവർണറുടെ പത്നിയും ഇതു കണ്ടിട്ട് പറഞ്ഞു, “ഇവിടെ വരൂ. എന്തൊരു അസംബന്ധമാണ് നിങ്ങൾ കാട്ടിയത്! നിങ്ങൾ ഭഗവാന് പുതിയ ഒരു ജോടി ഷൂ കൊടുത്തിട്ട് ഇപ്പോൾ അവിടുത്തെ കാലിലെ പൊള്ളലുകൾ നോക്കിക്കേ. നിങ്ങൾക്ക് സാമാന്യബുദ്ധിയുണ്ടോ?”

അങ്ങനെ, ഗവർണർക്ക് കരയാനായി രണ്ട് കാരണങ്ങളായി(ചിരി): ഒന്നാമത്, താൻമൂലം സ്വാമിക്കുണ്ടായ അസൗകര്യം, രണ്ടാമത്, വീട്ടുനിരയിൽനിന്ന്, സ്വന്തം ഭാര്യയിൽനിന്നും കിട്ടിയ കനത്ത പ്രഹരം.(ചിരി)

*1957 ജൂലൈ 22: ഋഷികേശ്*

സ്വാമി ഇക്കാര്യങ്ങളൊക്കെ വിശദീകരിക്കുകയായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു, “സ്വാമീ, ‘*സത്യം ശിവം സുന്ദര*’ത്തിൽ പറയുന്നുണ്ട്, അവിടെ ഹിമാലയത്തിലെ ഗുഹകളിലുണ്ടായിരുന്ന കുറച്ച് സന്യാസിമാർക്ക് അവിടുത്തെ ദർശനം ലഭിച്ചുവെന്ന്. ശരിയാണോ?”

“അതെ, അതെ. ഹിമാലയത്തിൽ, ഏതാനും താഴ്‌വാരങ്ങളുണ്ട്. അവിടെ നിരവധി വളവുകളും തിരിവുകളുമൊക്കെയാണ്, ഇടുങ്ങിയ വഴികളിലൂടെ നിങ്ങൾക്ക് കടന്നുപോകേണ്ടിവരും. എല്ലാവരെയും ഞാൻ പുറകിലായി നിർത്തി. ഞാനാ ഗുഹകൾ സന്ദർശിക്കുകയും ചില സന്യാസിമാർക്ക് എന്റെ ദർശനം നൽകുകയുമുണ്ടായി. ഞാനവരോട് സംസാരിച്ചു. അവർ ഏറെനാളായി എന്റെ ദർശനത്തിനായി കാത്തിരിക്കുകയായിരുന്നു.”



ഇപ്രകാരമാണ് ഭഗവാൻ ഞങ്ങളോട് പറഞ്ഞത്.

*സ്വാമി ശിവാനന്ദയ്ക്കൊപ്പം*

## അവർ എന്റെ കാർ ഉയർത്തി

പെട്ടെന്ന് ഭഗവാൻ ചിരിക്കാൻ തുടങ്ങി.

“എന്താണ് സ്വാമീ, എന്തു സംഭവിച്ചു?”

“ഞാൻ പഞ്ചാബും സന്ദർശിച്ചു.”

“ഓ, അതെയോ സ്വാമീ.”

“പഞ്ചാബികൾ തലപ്പാവ് ധരിക്കുന്ന കാര്യം നിങ്ങൾക്കറിയാമല്ലോ. അത് നിങ്ങൾക്കറിയാമായിരിക്കും. സ്ത്രീകൾ സാരികൊണ്ട് അവരുടെ ശിരസ്സ് മറയ്ക്കും. നിങ്ങൾ കണ്ടിട്ടുണ്ടോ? കണ്ടാൽ മൂടുപടംപോലെയിരിക്കും. അതുകൊണ്ട്, ഈ വശത്തുമുഴുവൻ തലപ്പാവുകളും മറുവശത്ത് മൂടുപടങ്ങളും- പുരുഷന്മാരും സ്ത്രീകളും.”

“ഓ, സ്വാമീ.”

“ആയിരങ്ങളുണ്ടായിരുന്നു-വളരെ വലിയ ജനാവലി.”

“അതു ശരി.”

“നിറയെ തിരക്കായിരുന്നതിനാൽ എന്റെ കാറിന് പോകാൻ സ്ഥലമുണ്ടായിരുന്നില്ല.”

“സ്വാമീ, അപ്പോളെന്തു സംഭവിച്ചു?”

“നാല് പഞ്ചാബികൾ, മസിലൊക്കെയായി നല്ല ശരീരമുള്ളവർ, എന്റെ കാറ് പൊക്കി. അവർ എന്നെ നേരെ വേദിയിലേക്ക് എടുത്തുവച്ചു. അവിടെ നിന്നുകൊണ്ട് ഞാൻ പുരുഷാരത്തോട് സംസാരിച്ചു.”

ഇപ്രകാരമാണ് ഭഗവാൻ ആ ദിനങ്ങൾ സ്മരിച്ചത്.

## രമേഷിനും സുരേഷിനും വിരഹം താങ്ങാനായില്ല

സ്വാമി മമതയെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഭഗവാനോടുള്ള ബന്ധം അത്രയ്ക്ക് തീവ്രവും അടുപ്പമുള്ളതുമാവണം, അവിടുത്തെ പൂർവകാല ക്ലാസ്മേറ്റുകളായ രമേഷിനെയും സുരേഷിനെയും പോലെ. അവർക്ക് സ്വാമിയിൽനിന്നുള്ള വിരഹം സഹിക്കാനാവാത്തതുകൊണ്ട് അവർ ജാക്ക്, ജിൽ ഇവരായി(സ്വാമിയുടെ രണ്ട് ഓമന നായകൾ)ജന്മമെടുത്ത്, അവിടുന്നിനൊപ്പം തങ്ങി.




ഇപ്പോളോ, ഞാനവരുടെ പേരുകൾ പരാമർശിക്കുന്നില്ല, ഈ ജന്മത്തിൽ അവർ രണ്ട് സഹോദരിമാരായി ജന്മമെടുത്തിട്ടുണ്ട്. അവരുടെ പേരുകൾ പരാമർശിക്കുന്നത് അനുചിതമാവും, കാരണം ആ രണ്ട് സഹോദരിമാർ, അവർ രാജകുടുംബാംഗങ്ങളാണ്. അങ്ങനെ, ജാക്കായും ജില്ലായും ജന്മമെടുത്ത രമേഷും സുരേഷും, ഇപ്പോൾ സഹോദരിമാരായി ഇപ്പോൾ ജന്മമെടുത്തിരിക്കുകയാണ്. അവരുടെ ഭർത്താക്കന്മാർ ഭഗവാന്റെ ഭക്തരാണ്, അതിൽ ഒരു മാന്യദേഹം മുമ്പുതന്നെ ഇവിടുണ്ട്. അവരുടെ പേര് വെളിപ്പെടുത്താൻ ദയവുചെയ്ത് എന്നെ പ്രേരിപ്പിക്കരുത്.(ചിരി)

## കുട്ടികൾ അവിടുത്തെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കണം

പിന്നെ, ആൺകുട്ടികൾ അവിടുത്തെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഭഗവാൻ അരുളുകയായിരുന്നു.

അവിടുന്ന് പറഞ്ഞു, "ഇവിടെ നോക്കൂ, കുറച്ചുകാലം മുമ്പ് ഞാനൊരു വിദ്യാർത്ഥിയോട് പറഞ്ഞു, 'നീ ഇവിടെ നിൽക്ക്, വീട്ടിൽ പോവേണ്ട.' ആ കുട്ടി ഒന്നും മിണ്ടിയില്ല. പിന്നെ കുറച്ചു ദിവസങ്ങൾക്കുശേഷം ഞാൻ പറഞ്ഞു, 'നീയൊരു പരുക്കൻ ഡ്രൈവറാണ്. മോട്ടോർസൈക്കിൾ ഓടിക്കേണ്ടാ,' ഞാൻ അവനോട് പറഞ്ഞു-എന്നാൽ ആ പയ്യൻ ഇവിടെനിന്ന് പോയി.

മോട്ടോർസൈക്കിൾ അശ്രദ്ധമായി ഓടിക്കുമ്പോൾ, അവനൊരു അപകടത്തിൽ പെടുകയും അവൻ ആസ്പത്രിയിലാവുകയും ചെയ്തു. ഭഗവാൻ അവനെ ആസ്പത്രിയിൽ കാണാനായി പോയി. ആ കുട്ടി കണ്ണീരൊഴുക്കിക്കൊണ്ട് പറഞ്ഞു, 'സ്വാമീ, ഇതെന്റെ തെറ്റാണ്. മോട്ടോർസൈക്കിൾ ഓടിക്കേണ്ടായെന്ന് അവിടുന്ന് എനിക്ക് മുന്നറിയിപ്പ് തന്നതാണ്. ഞാൻതന്നെ വരുത്തിവച്ച ദുരന്തമാണിത്. ഞാൻ എന്നെത്തന്നെ പഴിക്കുകയാണ്. എന്തായാലും, അവിടുന്ന് എന്റെ ജീവിതത്തിന്റെ അന്ത്യനിമിഷങ്ങളിൽ എനിക്ക് ദർശനം നൽകാനെത്തിയതിൽ എനിക്ക് സന്തോഷമുണ്ട്. കൂപ്പുകൈയോടെ, ഭഗവാന്റെ തൃക്കരങ്ങൾ പിടിച്ച്, അവൻ കിടക്കയിൽവച്ച് മരണമടഞ്ഞു." ഇതാണ് ഭഗവാൻ പറഞ്ഞത്.

അതുകൊണ്ട്, സ്വാമിയുടെ വാക്കുകളുടെ അർത്ഥം നമുക്ക് ഉടനെ മനസ്സിലായില്ലെന്നുവരാം. അതിന്റെ സൂചനകൾ നമുക്ക് പെട്ടെന്ന് പിടികിട്ടിയില്ലെന്നുവരാം, അതിന്റെ പ്രസക്തി നമുക്ക് അപ്പപ്പോൾത്തന്നെ മനസ്സിലായില്ലെന്നുവരാം. പക്ഷേ, കാലം നീങ്ങുമ്പോൾ, എന്തുകൊണ്ടാണ് അന്നങ്ങനെ ഭഗവാൻ പറഞ്ഞതെന്ന് നാമറിയാനിടവരും.

## എനിക്ക് നിന്നെ കഴിഞ്ഞ 10 ജന്മങ്ങളിൽ അറിയാം

പിന്നെ, 50 കൊല്ലം മുമ്പ് ഭഗവാനെ സന്ദർശിച്ച കലാകാരന്മാരിലേക്ക് വിഷയം മാറി. അവിടുന്ന് കുറെയധികം കലാകാരന്മാരുടെ-നർത്തകർ, ഗായകർ, വോക്കലിസ്റ്റുകൾ, ഉപകരണസംഗീതജ്ഞർ-നിരവധി ആളുകളുടെ പേരുകൾ പരാമർശിക്കുകയുണ്ടായി. അവിടുന്ന് ആ പേരുകൾ പറയുന്നത് തുടർന്നു.

ഞാൻ തിരക്കി, "സ്വാമീ, ഒരു മാന്യൻ, ചൗഡയ്യ, ഒരു വയലിനിസ്റ്റ്, ഇവിടെ വന്നിട്ടുണ്ടോ സ്വാമീ?"

"ഉവ്വ്, അവൻ വന്നിട്ടുണ്ട്. അവൻ ഒരു പരിപാടി നടത്തിയിരുന്നു."

“ഉവ്വോ, സ്വാമീ. എങ്കിൽ, ദ്വാരം വെങ്കടസ്വാമി, മറ്റൊരു വയലിനിസ്റ്റ്, ഇവിടെ വന്നി ട്ടുണ്ടോ സ്വാമീ?”

“ഉവ്വ്, അവനിവിടെ വന്നിട്ടുണ്ട്.”

ഞാൻ ഏത് പേര് പറയുന്നോ, അവർ ഇവിടെ വന്നിട്ടുണ്ടെന്ന് അവിടുന്ന് പറഞ്ഞു.



എന്നിട്ട് സ്വാമി പറഞ്ഞു, “ഗഗ്ഗയ്യ എന്നു പേരുള്ള ഒരാൾ വന്നു.”

“ഓ, അദ്ദേഹവും ഇവിടെ വന്നിട്ടുണ്ടോ?”

“നാഗയ്യ എന്നു പേരുള്ള ഒരു സിനിമാനടനും ഇവിടെയുണ്ടായിരുന്നു.”

ഇപ്രകാരം, അവിടുന്ന് കുറേ പേരുകൾ പരാമർശിച്ചു.

അപ്പോൾ ഞാൻ പറഞ്ഞു, “സ്വാമീ, ഘണ്ടശാല, ഒരു തെലുങ്ക് പിന്നണിഗായകൻ, അതിപ്രസിദ്ധനായ ഒരു മനുഷ്യൻ, അദ്ദേഹം ഈ സ്ഥലത്ത് വന്നിട്ടുണ്ടോ?”

“ഉവ്വ്, അവനിവിടെ വന്നിട്ടുണ്ട്.”

“ഓ, അതേയോ”

“അവൻ എനിക്കൊപ്പം രണ്ടു മാസം തങ്ങിയിട്ടുണ്ട്.”

‘‘അതു ശരി!’’

പിന്നെ സ്വാമി പറഞ്ഞു, ‘‘ഞാൻ പോകുന്നിടത്തൊക്കെ അവൻ അനുഗമിച്ചിരുന്നു.’’

‘‘ഉം..?’’

‘‘പക്ഷേ, അവൻ വന്നത് അവസാനഘട്ടത്തിലായിരുന്നു.’’

അപ്പോൾ ഞാൻ ഇടയ്ക്കു കയറി, ‘‘സ്വാമീ, ഘണ്ടശാലയുടെ പ്രസംഗം ഞാൻ കേട്ടിട്ടുണ്ട്.’’

‘‘പ്രസംഗം? അല്ലല്ല, അവനൊരു പാട്ടുകാരനാണ്. എന്തു പ്രസംഗം?’’

‘‘അല്ല സ്വാമീ, സംഗീതപരിപാടിക്കുമുമ്പ് അദ്ദേഹം ഏതാനും വാക്കുകൾ സംസാരിക്കും.’’

സ്വാമി തിരക്കി, ‘‘അവനെന്താണ് പറയുന്നത്?’’

ഘണ്ടശാല, പ്രസിദ്ധനായ പിന്നണിഗായകൻ, ഇവിടെ ആദ്യമായി വരുമ്പോൾ ക്യാൻസർ ബാധിച്ച് തീർത്തും അവശനായിരുന്നു. സ്വാമി ഒരുവട്ടം പോലും അദ്ദേഹത്തെ ഗൗനിച്ചില്ല. അദ്ദേഹം ഈസ്റ്റ് പ്രശാന്തിയിലെ തന്റെ മുറിയിലേക്ക് തിരികെപ്പോയിട്ട് കരയാൻ തുടങ്ങി, ‘‘ഓ ദൈവമേ, എന്നെ എല്ലാവരും അറിയും എന്നിരിക്കെ, ഇതാണോ അവിടുന്ന് എന്നെ കൈകാര്യം ചെയ്യുന്ന രീതി? അവിടുന്നെന്നെ അവഗണിക്കുന്നു. ഞാൻ അവഹേളിതനായിരിക്കുന്നു ഭഗവാനേ. ഞാൻ അപമാനിതനായിരിക്കുന്നു. ആളുകൾ എന്നെ കളിയാക്കും. അവിടുന്നിത് മന:പൂർവം ഇഷ്ടപ്രകാരമാണോ ചെയ്യുന്നത്?’’

എന്നിട്ട്, അദ്ദേഹം ഇവിടെവച്ച് ഒരു തെലുങ്ക് ഗാനം രചിക്കുകയുണ്ടായി, അത് നിങ്ങളിവിടെവച്ച് പലവട്ടം കേട്ടിട്ടുണ്ടാവും. പിന്നെ ഒരു ദിവസം, ഭജന കഴിഞ്ഞിട്ട്, അദ്ദേഹം ഷർട്ടൊന്നുമില്ലാതെ, ഒരു ടവൽ മാത്രം ദേഹത്തിട്ട്, കിടക്കയിൽ കിടക്കുകയായിരുന്നു. ആ സമയത്ത് അദ്ദേഹത്തിന് രോഗം മൂർച്ഛിച്ചിരുന്നു, കിടക്കയിൽ കിടന്നുകൊണ്ട് ബാബയുടെ സഹായത്തിനായി കേഴുകയായിരുന്നു. പെട്ടെന്ന്, ഘണ്ടശാല ഒരു ശബ്ദം കേൾക്കുകയുണ്ടായി. അദ്ദേഹം തലപൊക്കി നോക്കുമ്പോൾ കതക് തുറന്നുകിടക്കുന്നു-ഭഗവാൻ മുറിയിലേക്ക് കടന്നുവരുന്നു! ഭഗവാൻ ഉള്ളിൽ പ്രവേശിച്ചു, കിടക്കയിൽ ഇരുന്നു, അദ്ദേഹത്തിന്റെ ശരീരം മുഴുവനും വിഭൂതി പുരട്ടി.

“പേടിക്കേണ്ടാ ഘണ്ടശാല, എനിക്ക് നിന്നെ പോയ 10 ജന്മങ്ങളിലറിയാം. സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ഉള്ളിടത്തോളം നിന്റെ നാമം തെക്കേ ഇന്ത്യയിൽ സ്മരിക്കപ്പെടും. നീ അത്യുന്നതനായ ഗായകനായി അറിയപ്പെടും.”

ഇത്രയും പറഞ്ഞിട്ട്, ഭഗവാൻ പോയി. അപ്പോൾ, ആ മനുഷ്യൻ മറ്റൊരു ഗാനം രചിക്കുകയുണ്ടായി: “ആഹാ, ഇന്ന് എന്തൊരു ദിവസമായിരുന്നു! ഭഗവാൻ പുഞ്ചിരിക്കുന്ന മുഖവുമായി വന്നു. എന്റെ നയനാകാശത്തുനിന്നും ഉതിർന്ന കണ്ണീരു കാരണം എനിക്കങ്ങയെ കാണാനായില്ല, ഓ ഭഗവാനേ(ചിരി). കണ്ണുകൾ അവിടുന്നിനെ ദർശിക്കുന്നതിനായി എന്നെ സഹായിക്കുന്നുണ്ടായിരുന്നില്ല, കാരണം അവ ഒഴുകിയിറങ്ങുന്ന കണ്ണീരാൽ നനഞ്ഞിരുന്നു. അങ്ങയെ ഞാൻ എങ്ങനെ കാണാനാണ്, എന്റെ ഭഗവാനേ? എന്നാൽ ഈ ദിവസം അവിടുത്തെ ദിവ്യസന്ദർശനത്താൽ അനുഗൃഹീതമാണ്!”

നമ്മുടെ കുട്ടികൾ ആവർത്തിക്കുന്ന ആ ഗാനത്തിന്റെ അർത്ഥം അതാണ്. ഇതാണ് ഞാൻ ഈ സന്ദർഭത്തിൽ വിവരിച്ചത്, ഭഗവാൻ അപ്പോൾ പറഞ്ഞു, “ശരി, ശരി, ശരി, ശരി.”

## ഗായിക എം.എസ്. സുബ്ബലക്ഷ്മി

ഇനി ഞാൻ മറ്റൊരു ഉപാഖ്യാനവും പറയാം. എം. എസ്. സുബ്ബലക്ഷ്മി എന്നൊരു മഹതിയുണ്ടായിരുന്നു. എം. എസ്. സുബ്ബലക്ഷ്മി വളരെ വളരെ വലിയ ഒരു വനിതയായിരുന്നു. അവർ ഒരു വലിയ ഗായികയായിരുന്നു-അവർക്ക് പരമോന്നത ബഹുമതിയും, ഒരു ദേശീയ അംഗീകാരം, ലഭിച്ചിട്ടുണ്ട്. അതു മാത്രമല്ല, ന്യൂയോർക്കിൽ ഐക്യരാഷ്ട്രസംഘടനയുടെ ഒരു സമ്മേളനത്തിൽ ഒരു ശാസ്ത്രീയസംഗീതപരിപാടി അവതരിപ്പിക്കാൻ അനുമതി ലഭിച്ച ഒരേയൊരു ഗായികയാണവർ. സംഗീതപരിപാടിക്കൊടുവിൽ, എല്ലാ രാഷ്ട്രത്തലവന്മാരും എണീറ്റുനിന്ന് കരഘോഷം മുഴക്കുകയുണ്ടായി. അത്ര വലിയ ആ വനിത ബാബയുടെ ഭക്തയായിരുന്നു. അവർ പാടുമ്പോൾ അവരുടെ ശബ്ദം ഉച്ചസ്ഥായിയിലേക്ക് ഉയരും.

സ്വാമി പറഞ്ഞു, “ഓ, അവരിവിടെ പതിവായി വന്നിരുന്നു.”

“ഉവ്വോ സ്വാമീ. ഞാൻ അവരുടെയും വാക്കുകൾ കേട്ടിട്ടുണ്ട്.”

“അവരെന്താണ് പറഞ്ഞത്?”

“സ്വാമീ, അവർ പറഞ്ഞത്, അവർ എവിടൊക്കെ പോകുമോ, എവിടൊക്കെ പ്രോഗ്രാം അവതരിപ്പിക്കുമോ, അവിടൊക്കെ അവർ സ്ഥാപനങ്ങൾക്ക് സംഭാവന നൽകാറുണ്ട്. ഏതാണ്ടെല്ലാ വലിയ സ്ഥാപനങ്ങളും അവരിൽനിന്ന് വലിയ തുകകൾ, അവരുടെ സംഗീതപരിപാടിയിലൂടെ, സംഭാവനയായി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമാണ് അവരൊരു പൊതുപരിപാടിയിൽ പറഞ്ഞത്.”



“അവർ കൂട്ടിച്ചേർക്കുകയുണ്ടായി, ‘എന്നിൽനിന്നും ഒന്നും പ്രതീക്ഷിക്കാത്തതായി ഒരു സ്ഥലം ഉണ്ട്. അവിടെ ആരുംതന്നെ എന്നോട് ഒന്നും ആവശ്യപ്പെടാറില്ല. അവിടെ ഞാനൊരു മഹത് വ്യക്തിത്വത്തെ കണ്ടു, അവിടുന്ന് 100 വജ്രങ്ങളുള്ള ഒരു മാല സൃഷ്ടിച്ച് വേദിയിൽവച്ച് എനിക്ക് സമ്മാനിക്കുകയുണ്ടായി. അവിടുന്നാണ് ഭഗവാൻ ശ്രീ സത്യസായി ബാബ.’അവരുടെ പ്രസ്താവന കേട്ടിട്ട് ഇടിമുഴക്കം പോലെയായിരുന്നു കരഘോഷവും ആർപ്പുവിളിയും.” ഞാനിത് സ്വാമിയോട് പറഞ്ഞത് എല്ലാവരും കേട്ടിട്ട്, അവർക്കെല്ലാം അതെക്കുറിച്ച് സന്തോഷമായി.

2003 ജാനുവരിയിലെ സംഭവങ്ങൾ ഇതോടെ അവസാനിക്കുന്നു. ബാക്കി നമുക്ക് അടുത്ത വേള നോക്കാം. നിങ്ങൾക്ക് വളരെ നന്ദി.

(പ്രഫ.അനിൽകുമാർ ഈ ഭജനയോടെ പ്രഭാഷണം ഉപസംഹരിച്ചു)

*ചന്ദ്രകിരണകുല മണ്ഡന രാം..*

ഓം.. ഓം.. ഓം..
ഓം അസതോ മാ സത് ഗമയാ
തമസോ മാ ജ്യോതിർ ഗമയാ
മൃത്യോർ മാ അമൃതം ഗമയാ

ഓം ലോകാ സമസ്താ സുഖിനോ ഭവന്തു
ലോകാ സമസ്താ സുഖിനോ ഭവന്തു
ലോകാ സമസ്താ സുഖിനോ ഭവന്തു

ഓം ശാന്തി: ശാന്തി: ശാന്തി:

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)

